**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2520** **27-02-2023 - ൽ മറുപടിയ്ക്ക്**

**അളഗപ്പ ടെക്സ്റ്റയിൽസ് മിൽ കമ്പനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിനെ തുടർന്ന് അടച്ചു പൂട്ടിയ നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള അളഗപ്പ ടെക്സ്റ്റയിൽസ് മിൽ കമ്പനി തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ അടിയന്തര ഇടപെടലുകൾ നടത്തുമോ; | (എ) | കോവിഡ് പശ്ചാത്തലത്തിൽ, സംസ്ഥാനത്തെ അടച്ചു പൂട്ടിയ അളഗപ്പ ടെക് സ്റ്റൈൽസ് ഉൾപ്പെടെയുള്ള എൻ.ടി.സി മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് വ്യവസായ വകുപ്പുമന്ത്രി ബഹു.കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രിയ്ക്ക് 09.08.2021ലും 28.06.2022ലും കത്തുകൾ അയയ്ക്കുകയുണ്ടായി. ഇതിന് നീതി ആയോഗ് ചേർന്ന് തുടർനടപടി സ്വീകരിക്കുമെന്നാണ് കേന്ദ്രമന്ത്രി മറുപടി നൽകിയത്. കൂടാതെ ഇതുമായി ബന്ധപ്പെട്ട ആവശ്യങ്ങളും സാഹചര്യവും വ്യക്തമാക്കി 17.11.2021 ൽ മെമ്മോറാണ്ടം സമർപ്പിയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എൻ.ടി.സി. ഏറ്റെടുത്തെങ്കിലും പ്രവർത്തനം നിലച്ച ടെക്സ്റ്റയിൽ മില്ലുകൾ പ്രവർത്തിപ്പിക്കുന്നതിന് പ്രസ്തുത കോർപ്പറേഷൻ തയ്യാറില്ലെങ്കിൽ ആയവ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | ദേശസാത്ക്കരണത്തിനു ശേഷം അളഗപ്പ ടെക്സ്റ്റൈൽസ് കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ടെക് സ്റ്റൈൽ കോർപ്പറേഷന്റെ ഉടമസ്ഥതയി ലായതിനാൽ, കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുന്നതിനുള്ള സന്നദ്ധത ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിയ്ക്കയച്ച കത്തിൽ അറിയിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ